**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 670** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>സഹകരണ ബാങ്കുകളിലെ നിക്ഷേപ സുരക്ഷിതത്വം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രേമൻ ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലും പ്രാഥമിക സഹകരണ സംഘങ്ങളിലും പൊതുജനങ്ങൾ നടത്തുന്ന നിക്ഷേപങ്ങൾക്ക് പൂർണ്ണ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികളും പുതിയ നിർദ്ദേശങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>**

സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലും പ്രാഥമിക സഹകരണ സംഘങ്ങളിലും പൊതുജനങ്ങൾ നടത്തുന്ന നിക്ഷേപങ്ങൾക്ക് പൂർണ്ണ സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന തിനായി നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

<u>കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം, 2018</u>

സഹകരണ സംഘങ്ങളിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് ഗ്യാരന്റി നൽകുക വഴി നിക്ഷേപകർക്ക് ആത്മവിശ്വാസം വളർത്താനും കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കാനുമായി രൂപീകരിച്ച പദ്ധതിയാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം, 2018. കേരള സഹകരണ നിയമം, 1969 പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും, സ്കീമിൽ അംഗങ്ങളുമായ സംഘങ്ങൾ ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് പരമാവധി 5 ലക്ഷം രൂപ കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ടിൽ നിന്നും സെറ്റിൽമെന്റ് ഓഫ് ക്ലെയിം ആയി നൽകുന്നു. ഗ്യാരന്റീഡ് സംഘത്തിലെ നിക്ഷേപകന് നൽകുന്ന ക്ലെയിം തുകയുടെ പരിധി, നിക്ഷേപകൻ വിഹിതം അടയ്ക്കുന്ന പക്ഷം, പരമാവധി 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് സ്കീം ഭേദഗതി ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ലിക്വിഡേഷനിലാകുന്ന സംഘങ്ങളോടൊപ്പം ലിക്വിഡേഷനിലാകാത്ത അഴിമതി, ക്രമക്കേട്, പണാപഹരണം എന്നീ കാരണങ്ങൾ അല്ലാതെ സാമ്പത്തിക പ്രതിസന്ധിയിലായ സംഘങ്ങൾക്ക് കൂടി ആനുകൂല്യം ലഭിക്കത്തക്ക വിധത്തിൽ നിക്ഷേപ ഗ്യാരന്റി പദ്ധതി പരിഷ്കരിക്കുന്നതിനുള്ള കരട് തയ്യാറാക്കിയിട്ടുണ്ട്. നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ ഭരണസമിതി നിലവിൽവരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

റിസർവ് ബാങ്കിന്റെ (RBI) കീഴിലുള്ള ഒരു ഉപസ്ഥാപനമായ ഡി.ഐ.സി.ജി.സി. ഇതര scheduled ബാങ്കുകളുടേതിന് തുല്യമായ പോലെ കേരള ബാങ്കിന്റെ നിക്ഷേപകർക്കും 5 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്. ഇതും നിക്ഷേപർക്ക് സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് വളരെയധികം സഹായകമാണ്.

<u>വിശ്വാസ് പദ്ധതി</u>

സഹകരണ സംഘങ്ങളിൽ നിക്ഷേപം മടക്കി നൽകാനാകാത്ത അവസ്ഥയ്ക്ക് പരിഹാരമായും നിക്ഷേപകരുടെ വിശ്വാസം സംരക്ഷിക്കുന്നതിനുമായി "വിശ്വാസ്" എന്ന പേരിൽ ഒരു നിക്ഷേപ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജില്ലാതലത്തിൽ സംഘങ്ങളെ തരംതിരിച്ച് വിവരം ശേഖരിച്ചിട്ടുണ്ട്. അതോടൊപ്പം നിക്ഷേപ ഗ്യാരന്റി പദ്ധതിയിൽ ചേരാതെ മാറിനിൽക്കുന്ന സംഘങ്ങളെ പൂർണ്ണമായും ഈ പദ്ധതിയുടെ ഭാഗമാക്കി നിക്ഷേപ സുരക്ഷ ഉറപ്പുവരുത്തന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**(ബി)** കേരള കോ-ഓപ്പറേറ്റീവ് ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം പ്രകാരം നിലവിൽ ഒരു നിക്ഷേപകന് ലഭിക്കുന്ന പരമാവധി ഗ്യാരന്റി പരിരക്ഷ എത്ര രൂപയാണെന്നും പ്രസ്തുത തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കേരള സഹകരണ നിയമം, 1969 പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും, സ്കീമിൽ അംഗങ്ങളുമായ സംഘങ്ങൾ ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് പരമാവധി 5 ലക്ഷം രൂപ കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ടിൽ നിന്നും സെറ്റിൽമെന്റ് ഓഫ് ക്ലെയിം ആയി നൽകുന്നു. ഗ്യാരന്റീഡ് സംഘത്തിലെ നിക്ഷേപകന് നൽകുന്ന ക്ലെയിം തുകയുടെ പരിധി, നിക്ഷേപകൻ വിഹിതം അടയ്ക്കുന്ന പക്ഷം, പരമാവധി 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് സ്കീം ഭേദഗതിചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**(സി)** സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട്, സഹകരണ പുനരുദ്ധാരണ ഫണ്ട് എന്നിവയിലായി നിലവിൽ എത്ര രൂപ വീതം നീക്കിയിരിപ്പുണ്ടെന്ന് വ്യക്തമാക്കാമോ; നിക്ഷേപ സുരക്ഷ ഉറപ്പാക്കുന്ന വിവിധ സ്കീമുകൾക്കായി ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുക വീതമാണ് വകയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** 2026 ഓഗസ്റ്റ് മാസം വരെ സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് സ്കീമിൽ 343.18 (മുന്നൂറ്റി നാൽപ്പത്തി മൂന്ന് കോടി പതിനെട്ട് ലക്ഷം) രൂപയും സഹകരണ പുനരുദ്ധാരണ ഫണ്ടിൽ 4.25 കോടി (നാല് കോടി ഇരുത്തി അഞ്ച് ലക്ഷം) രൂപയും നീക്കിയിരിപ്പുണ്ട്.

2026-27 സാമ്പത്തിക വർഷത്തേക്കുള്ള സഹകരണ വകുപ്പിന്റെ ബഡ്ജറ്റിൽ സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിലേക്കുള്ള സർക്കാർ വിഹിതമായി നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന് ധനസഹായം (സബ്സിഡി) പദ്ധതി പ്രകാരം 1000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീമിലേക്കുള്ള സഹായം പദ്ധതിയ്ക്കായി (സബ്സിഡി) 500.00 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**